**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 713

16/07/2012 ൽ മറുപടിക്ക്

**സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് വിഭാഗം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി | | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ അരി വ്യാപകമായി കരിഞ്ചന്തയിൽ വിറ്റഴിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; റേഷനരി തിരിമറിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിരളമായ ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 12 കേസുകൾ എടുത്തിട്ടുണ്ട്; |
| (ബി) സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിജിലൻസ് റെയ്ഡുകൾ കൃത്യമായി നടത്താറുണ്ടോ; മൊത്ത ഡിപ്പോകളിൽ നിന്നും വൻതോതിൽ റേഷനരി സ്വകാര്യ ഗോഡൗണുകളിലേക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; ഇത് തടയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | സിവിൽ സപ്ലൈസ് വകുപ്പിൽ വിജിലൻസ് വിഭാഗം പ്രത്യേകമായി പ്രവർത്തിക്കുന്നില്ല. എന്നാൽ പരാതികൾ അന്വേഷിക്കുന്നതിനായി ഒരു വിജിലൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. പൊതു വിതരണ രംഗത്തെ ക്രമക്കേടുകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി രണ്ട് ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാരേയും നിയമിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ ജില്ലാ സപ്ലൈ ആഫീസർമാർ, താലൂക്ക് സപ്ലൈ ആഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നിയമാനുസൃതം നടപടി സ്വീകരിച്ചു വരുന്നുണ്ട്. മൊത്ത വ്യാപാര ഡിപ്പോകളിൽ നിന്നും റേഷനരി വൻതോതിൽ സ്വകാര്യ ഗോഡൗണുകളിലേയ്ക്ക് കടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ഈ രംഗത്ത് ഒറ്റപ്പെട്ട ചില കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് തടയാൻ |

ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | 2012 ഏപ്രിൽ 14-ന് ശേഷം സിവിൽ സപ്ലൈസ് വിജിലൻസ് സംസ്ഥാനത്ത് എത്ര റെയ്ഡുകൾ നടത്തി എന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വിശദമാക്കുമോ? | (സി) | 2012 ഏപ്രിൽ 14 നു ശേഷം സിവിൽ സപ്ലൈസ് വകുപ്പ് സംസ്ഥാനത്ത് 4397 റെയ്ഡുകൾ നടത്തി. 769 കേസുകൾ രജിസ്റ്റർ ചെയ്തു. |

സെക്ഷൻ ഓഫീസർ